ഉത്തരം

(എ) സംസ്ഥാനത്ത് പട്ടികജാതിക്കാർക്കായി നിലവിലുള്ള വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിത്സാ ധനസഹായ പദ്ധതി ആരംഭിച്ചത് 9-1-98-ലാണ്. ഈ പദ്ധതിക്ക് 1997-98-ൽ 25 ലക്ഷം രൂപയും 1998-99-ൽ 35 ലക്ഷം രൂപയും 1999-2000-ൽ 58 ലക്ഷം രൂപയും 2000-2001-ൽ 125 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി. ഹൃദയശസ്ത്രക്രിയ പോലുള്ള ചെലവേറിയ ചികിത്സകൾക്കും മറ്റ് മാരക രോഗങ്ങൾ ഉള്ളവർക്കും ഇത് വളരെ ഉപകാരപ്രദമായി. ഇത്തരത്തിലുള്ള ഫണ്ട് പട്ടികവർഗ്ഗക്കാർക്കായി പ്രത്യേകം രൂപീകരിച്ചിട്ടുണ്ട്.

(ബി) 3594 പേർക്ക്.

(സി) ഈ പദ്ധതിപ്രകാരം ഇതിനകം 243 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമത്തിനുള്ള പൊതുഫണ്ട് വകമാറ്റി ചെലവഴിച്ച സംഭവം

18 (243) ശ്രീ. തമ്പാനൂർ രവി :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണത്തിന്റെയും അധികാര വികേന്ദ്രീകരണത്തിന്റെയും മറവിൽ പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമത്തിനുള്ള പൊതു ഫണ്ട് വകമാറ്റി ചെലവഴിച്ച സംഭവം ഉണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതുവരെ എന്തുതുക വകമാറ്റി ചെലവഴിച്ചിട്ടുണ്ട് ;

(സി) ഈ ഗവൺമെന്റിന്റെ കാലത്ത് പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമത്തിന് വകകൊള്ളിച്ച തുകയിൽ എന്തു തുക ലാപ്സായിട്ടുണ്ട് ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

എസ്.സി. സമ്പൂർണ്ണ ഭവന പദ്ധതി

19 (244) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.സി. സമ്പൂർണ്ണ ഭവന പദ്ധതി നടപ്പിലാക്കിവരുന്ന കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി പഞ്ചായത്തിൽ ഈ പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) ആകെ ലഭിച്ച അപേക്ഷകൾ, പൂർത്തിയായ വീടുകൾ, ഭാഗികമായവ, തുടങ്ങാൻ ബാക്കിയുള്ളവ എന്നിവയുടെ കണക്ക് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly